"ഭരണഭാഷ മാതൃഭാഷ"

**നം.എച്ച്(2)/44444/2017/ഡി.പി.ഐ.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: **10..07..2017.**

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2017-18 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം 2017-18 സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുള്ള 01-07-2017, 03-07-2017, 06-07-2017 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

****

**2017-18 വർഷത്തെ തസ്തികനിർണയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയ കേരളത്തിലെ മുഴുവൻ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരെയും, അതിനു ഫലപ്രദമായ മോണിറ്ററിംഗിലൂടെ കൃത്യമായ നിർദേശങ്ങൾ നൽകിയും ആവശ്യമുള്ള ഓഫീസുകളിൽ താൽക്കാലികമായി ജീവനക്കാരെ നൽകിയും പിന്തുണച്ച വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ ജീവനക്കാരെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു.**

**പുനർവിന്യാസ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ഇനി 5 ദിവസം കൂടി മാത്രമാണ് അവശേഷിക്കുന്നത്.** ജൂലൈ 10 മുതലുള്ള സമയക്രമത്തിലും അണുവിട മാറ്റമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ വേണം. 11-07-2017 നുള്ളിൽ ജില്ലയിലെ അധ്യാപകബാങ്ക് പരിശോധിച്ച് കൺഫേം ചെയ്തിരിക്കണം. (പുനർവിന്യസിച്ച സ്കൂളിന്റെ പേര് തുടങ്ങിയ, ജൂലൈ 14, 15 തീയതികളിൽ മാത്രം എന്റർ ചെയ്യാൻ കഴിയുന്ന ഫീൽഡുകൾ ശൂന്യമായിട്ടാലും സൈറ്റിൽ ലിസ്റ്റ് സേവ് ചെയ്യാൻ കഴിയും). സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാനുള്ള ഒഴിവുകളുടെ വിവരങ്ങളും അടിയന്തരമായി ഈ തീയതിക്കുള്ളിൽ തന്നെ ശേഖരിക്കണം. എങ്കിൽ മാത്രമേ ജൂലൈ 15 ആകുമ്പോഴേക്കും ഇതര ജില്ലകളിലേക്കുള്ള പുനർവിന്യാസം ഉൾപ്പെടെയുള്ള മുഴുവൻ തസ്തികനിർണയ പ്രവർത്തനങ്ങളും ശുഭകരമായിതന്നെ പര്യവസാനിപ്പിക്കാൻ നമുക്കു കഴിയൂ.

(...2....)

**<u>ഒരു പ്രത്യേക കാര്യം കൂടി</u>** - 2017-18 ലെ അധികതസ്തികയിലും (1:1), ഹെഡ് ടീച്ചർ ഒഴിവിലും മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കപ്പെടുന്ന സംരക്ഷിതാധ്യാപകരെ അധ്യാപക ബാങ്കിൽ നിന്ന് ഒഴിവാക്കരുത്. 'സംരക്ഷിതാധ്യാപകൻ' എന്ന നിലയിലാണ് അവരെ പ്രസ്തുത തസ്തികയിൽ ക്രമീകരിക്കുന്നത് എന്നതിനാൽ അവർ അതിൽ തുടരുന്നിടത്തോളം കാലം അധ്യാപക ബാങ്കിലും ഉണ്ടായിരിക്കണം. ഇവരുടെ കാര്യത്തിൽ 'Whether deployed or not' എന്ന കോളത്തിൽ 'Yes' തന്നെ നൽകണം. അതുപോലെതന്നെ അധ്യാപകപാക്കേജ് വഴി വന്ന ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ (റിട്രെഞ്ച്ഡ് അധ്യാപകർ) കാര്യത്തിൽ അവർക്ക് മാതൃവിദ്യാലയത്തിലേക്കല്ലാതെ മറ്റു പുനർവിന്യാസം ഇല്ലാത്തതിനാൽ ടി കോളത്തിൽ 'Yes' എന്നുതന്നെ നൽകണം.

തസ്തികനിർണയ ഉത്തരവുകൾ ടൈപ്പ് ചെയ്ത് മാനേജർമാർ ഉൾപ്പെടെയുള്ള എല്ലാവർക്കും അത് എത്തിക്കുന്ന ജോലി എല്ലാ ജില്ലകളിലും ഉപജില്ലകളിലും പൂർത്തിയായിട്ടില്ല എന്നറിയുന്നു. ഇത് അതീവ ഗൗരവത്തോടെ കണ്ട് ഇന്നും നാളെയുമായി പൂർത്തിയാക്കണം. **'തസ്തികനിർണയ ഉത്തരവുകൾ ലഭിച്ചില്ല'** എന്ന തരത്തിൽ യാതൊരു പരാതിയും 12-07-2017 മുതൽ ഉണ്ടാകില്ല എന്ന് താങ്കൾ ഉറപ്പുവരുത്തണം.

ഇനിയുള്ള 5 ദിനങ്ങൾ ഏറെ പ്രാധാന്യമുള്ളതാണെന്നും നിർദിഷ്ട സമയക്രമം പാലിക്കുന്നതിൽ പ്രത്യേക ശ്രദ്ധ വേണമെന്നും ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

**ജിമ്മി.കെ. ജോസ്,**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി).

എ.റ്റി.10/7